KSFE

ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ. 510, തൃശ്ശൂർ – 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, www.ksfe.com

Ref No:12404

28/02/2022

## സർക്കുലർ നമ്പർ **24/2022 (BD)**

വിഷയം: - "കെ.എസ്.എഫ്.ഇ ഭദ്രത സ്മാർട്ട് ചിട്ടികൾ 2021" പദ്ധതിയുടെ കാലാവധി 2022 മാർച്ച് 19 വരെ ദീർഘിപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന: 01/07/2021 തിയ്യതിയിലെ 60/2021(BD) നമ്പർ സർക്കുലർ

****

സൂചന സർക്കുലർ പ്രകാരം 2021-22 സാമ്പത്തിക വർഷത്തിലെ 758 കോടി രൂപയുടെ ചിട്ടി ബിസിനസ്സ് ലക്ഷ്യം കൈവരിക്കുവാൻ ആരംഭിച്ച "കെ എസ് എഫ് ഇ ഭദ്രത സ്മാർട്ട് ചിട്ടികൾ 2021" പദ്ധതിയുടെ കാലാവധി 28-02-2022 വരെയായിരുന്നു. കോവിഡ് 19 മഹാമാരിയുടെ പ്രതികൂല സാഹചര്യത്തിലും ഈ കാലയളവിനുള്ളിൽ വാർഷിക ബിസിനസ്സ് ലക്ഷ്യത്തിന്റെ 87% ലക്ഷ്യം കൈവരിക്കാൻ നമുക്ക് കഴിഞ്ഞുവെന്നുള്ളത് ഏവർക്കും അഭിമാനകരമാണ്. 257 ശാഖകൾ ഇതിനോടകം വാർഷിക ലക്ഷ്യം കൈവരിക്കുകയും, പാലക്കാട്, ആലപ്പുഴ, കട്ടപ്പന എന്നീ മേഖലകൾ വാർഷിക ലക്ഷ്യത്തിന്റെ 90% ന മുകളിലും, മലപ്പുറം, കണ്ണൂർ, കോഴിക്കോട് എന്നീ മേഖലകൾ 89% ന മുകളിലും, മറ്റു മേഖലകൾ നല്ല രീതിയിലുള്ള പ്രവർത്തന ഫലവും നേടിയിട്ടുണ്ട്. കഴിഞ്ഞ വർഷത്തെ പ്രവർത്തനവുമായി താരതമ്യപ്പെടുത്തുമ്പോൾ ഇത്തവണ നാം നല്ല രീതിയിൽ മുന്നേറിയതായി കാണാൻ കഴിയും.

എന്നാൽ കോവിഡ് 19 മഹാമാരിയുടെ മൂന്നാം തരംഗം പല ശാഖകളുടെയും പ്രവർത്തനത്തെ ബാധിച്ചതിനാൽ ലക്ഷ്യം നേടുന്നതിന് ബുദ്ധിമുട്ടുകൾ നേരിട്ടുവെന്ന മേഖലാ, ശാഖാ തലവന്മാർ അഭിപ്രായപ്പെടുകയുണ്ടായി. ഈ സാഹചര്യത്തിൽ മേഖലാ/ ശാഖാ തലവന്മാരുടെ അഭ്യർത്ഥന മാനിച്ച് "കെ എസ് എഫ് ഇ ഭദ്രത സ്മാർട്ട് ചിട്ടികൾ 2021" ന്റെ കാലാവധി **19/03/2022** വരെ ദീർഘിപ്പിച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിക്കുന്നു.

ലക്ഷ്യം നേടാത്ത ശാഖകൾ ഈ അവസരം പൂർണ്ണമായും പ്രയോജനപ്പെടുത്തി 2021-22 സാമ്പത്തിക വർഷത്തിലെ വാർഷിക ചിട്ടി ബിസിനസ് ലക്ഷ്യം സമയബന്ധിതമായി തന്നെ കൈവരിക്കണമെന്ന് നിർദ്ദേശിക്കുന്നു. ലക്ഷ്യം നേടിയ ശാഖകൾ കൂടുതൽ ബിസിനസ്സ് കൈവരിക്കാനും ഈ അവസരം വിനിയോഗിക്കേണ്ടതാണ്.

കമ്പനിയുടെ വായ്പാ പദ്ധതികളിലെല്ലാം ഇപ്പോൾ നല്ല രീതിയിൽ ഉള്ള പ്രകടനം കാണുന്നുണ്ട്. എങ്കിലും CD Ratio യിൽ ഇനിയും ലക്ഷ്യം വെച്ച മികവ് വന്നിട്ടില്ല. ഇനിയുള്ള ദിവസങ്ങളിൽ അക്കാര്യത്തിൽ കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനം നടത്തേണ്ടതുണ്ട്. ശാഖാ / മേഖലാ തലവന്മാർ ഇതിൽ പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്.

വിശ്വസ്തതയോടെ
കെ.എസ്.എഫ്. ഇ യ്ക്ക് വേണ്ടി

സുബ്രഹ്മണ്യൻ വി.പി
മാനേജിംഗ് ഡയറക്ടർ

**To:-** എല്ലാ ശാഖാ തലവന്മാർക്കും

പകർപ്പ്

1. എല്ലാ മേഖലാ ഓഫീസുകൾക്കും
2. എല്ലാ **IAD** ടീമുകൾക്കും / പ്രിവന്റീവ് വിജിലൻസ് സ്ക്വാഡുകൾക്കും
3. **MD** യുടെ **PA**
4. ഹെഡോഫീസിലെ എല്ലാ വകുപ്പ് മേധാവികൾക്കും
5. എല്ലാ **SDT** ഓഫീസുകൾക്കും
6. സർക്കുലർ ഫയൽ

Confidential